(ഇ) 2007-08 മുതൽ 2010-11 വരെ പൂർത്തിയാകാതെ അവശേഷിക്കുന്ന 1326 വീടുകളുടെ യൂണിറ്റ് കോസ്റ്റ് 48,500 രൂപ വീടുകൾ പൂർത്തീകരിക്കുന്നതിന് മതിയാകാതെ വരുന്നതുമൂലം ഗുണഭോക്താക്കൾക്ക് ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത മറികടക്കുന്നതിനായി സന്നദ്ധ സംഘടനകളുടെ സംഭാവന, കമ്പനികളുടെ സി.എസ്.ആർ. സംഭാവനകൾ, ധനകാര്യസ്ഥാപനങ്ങളിൽനിന്നുള്ള 4% പലിശ നിരക്കിലുള്ള വായ്പകൾ എന്നീ സ്രോതസ്സുകളിൽനിന്ന് അധിക വിഭവ സമാഹരണം നടത്തി മേൽപ്പടി വീടുകൾ പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 2011-12 മുതലുള്ള വീടുകളുടെ യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ പൂർത്തിയാകാതെ അവശേഷിക്കുന്ന വീടുകൾ പൂർത്തീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾവഴി ഊർജ്ജിത നടപടി സ്വീകരിച്ചിട്ടുണ്ട്.

സംയോജിത നീർത്തട പരിപാലന വികസന പദ്ധതി

22 (2850) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംയോജിത നീർത്തട പരിപാലന വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മണ്ണും ജലവും ജൈവസമ്പത്തും തമ്മിൽ ഉണ്ടാകേണ്ട സ്വാഭാവിക ബന്ധം നിലനിർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ക്രമാനുഗതമായും ശാസ്ത്രീയമായും നടപ്പിലാക്കുകയും മണ്ണിലെ ജൈവസമ്പുലിതാവസ്ഥ നിലനിർത്തുകയുമാണ് സംയോജിത നീർത്തട പരിപാലന പരിപാടിയുടെ ലക്ഷ്യം. മഴവെള്ളം പരമാവധി സംഭരിക്കുവാനും മണ്ണിലേക്ക് ഇറക്കാനും ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കി ജല ലഭ്യത ഉറപ്പാക്കാനും ഭൂഗർഭജലവിതാനം ക്രമമായി ഉയർത്തിക്കൊണ്ട് വരാനും

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി ലക്ഷ്യമിടുന്നു. കാർഷിക വിളകളുടെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിലൂടെ കൂടുതൽ പ്രദേശം കൃഷിക്ക് ഉപയുക്തമാകുംവിധം മാറ്റിയെടുക്കാനും പ്രകൃതി വിഭവങ്ങളെ ആശ്രയിച്ച് കഴിയുന്ന ജനവിഭാഗങ്ങൾക്ക് കൂടുതൽ തൊഴിലവസരവും വരുമാനവും ലഭ്യമാക്കുവാനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

(സി) സംസ്ഥാനതല നിർവ്വഹണത്തിനായി സ്റ്റേറ്റ് ലെവൽ നോഡൽ ഏജൻസി രൂപീകരിച്ചു. കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനും ഗ്രാമവികസന കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ആഫീസറുമാണ്. ജില്ലാതലങ്ങളിൽ ഡബ്ല്യു.സി.ഡി.സി.യും ബ്ലോക്ക് തലങ്ങളിൽ ഡബ്ല്യു.ഡി.റ്റി.യും രൂപീകരിച്ചിട്ടുണ്ട്. സംയോജിത നീർത്തട പരിപാലന പരിപാടിയുടെ സംസ്ഥാനതല ഏകോപന ചുമതല State Level Nodal Agency (എസ്.എൽ.എൻ.എ.)-ക്ക് ആണ്. കാർഷികോൽപ്പാദന കമ്മീഷണറാണ് എസ്.എൽ.എൻ.എ.-യുടെ ചെയർമാൻ. എസ്.എൽ.എൻ.എ.യുടെ സംസ്ഥാനതല സാങ്കേതിക യൂണിറ്റ് ഗ്രാമവികസന കമ്മീഷണറേറ്റിൽ പ്രവർത്തിക്കുന്നു. അഗ്രിക്കൾച്ചർ, ലൈവിലിഹുഡ്, ഫിനാൻസ് വിദഗ്ധർ എന്നിവർ ടെക്നിക്കൽ യൂണിറ്റിൽ ഉണ്ട്. ജില്ലാതലത്തിൽ ഡബ്ല്യു.സി.ഡി.സി.-കൾ രൂപീകരിച്ചു. ഇവ ജില്ലാ പഞ്ചായത്തുകൾക്ക് കീഴിലുള്ള ദാരിദ്ര്യ ലഘൂകരണ യൂണിറ്റുകളിൽ പ്രവർത്തിക്കുന്നു. ബ്ലോക്കുതല നിർവ്വഹണം നടത്തുന്നത് ബ്ലോക്ക് പഞ്ചായത്തുകളാണ്. അവരെ സാങ്കേതികമായി സഹായിക്കുന്നതിന് നീർത്തട വികസന ടീം (ഡബ്ല്യു.ഡി.റ്റി.) രൂപീകരിച്ചിട്ടുണ്ട്.

നീർത്തടതലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷതയും വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ സെക്രട്ടറിയുമായുള്ള നീർത്തട കമ്മിറ്റികളാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. പൂർണ്ണമായും പഞ്ചായത്ത് രാജ് സംവിധാനത്തിലൂടെയാണ് കേരളത്തിൽ ഐ.ഡബ്ല്യു.എം.പി.യുടെ നിർവ്വഹണം നടത്തുന്നത്.

ഇടുക്കി ജില്ലയിലെ നബാർഡ് പദ്ധതി

23 (2851) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി ജില്ലയിൽ അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെ; ഓരോ പ്രവൃത്തിയുടെയും പൂർത്തീകരണം ഏത് ഘട്ടത്തിലാണ്; അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ?

ഉത്തരം

അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly